

FRIDAY 03-06-2022 വെള്ളിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor : Sunilkumar R** **Editor : Dr Asha T T**

**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)–03/06/2022.

1. കാർഷിക അടിസ്ഥാന സൗകര്യ മേഖലയിലേക്ക് കൂടുതൽ നിക്ഷേപം ലഭ്യമാക്കി കാർഷിക മേഖലയെ ശക്തിപ്പെടുത്തുന്നതിനായി രൂപീകരിച്ച ധനസഹായ പദ്ധതിയായ കാർഷിക അടിസ്ഥാന സൗകര്യ വികസന നിധി (അഗ്രിക്കൾച്ചർ ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട് - AIF) യിലേക്ക് https://agriinfra.dac.gov.in/ എന്ന ഓൺലൈൻ പോർട്ടൽ വഴിയാണ് അപേക്ഷിക്കാവുന്നതാണ്. ബെനഫിഷറി രജിസ്ട്രേഷൻ (Beneficiary registration) എന്ന ഓപ്ഷനിൽ ക്ലിക്ക് ചെയ്തതിനു ശേഷം ഒറ്റിപി (OTP) നൽകി രജിസ്റ്റർ ചെയ്യുക. തുടർന്ന് ആവശ്യപ്പെടുന്ന മറ്റ് വിവരങ്ങൾ ചേർക്കുക. അപേക്ഷകൾ പരിശോധനയ്ക്ക് ശേഷം വിലയിരുത്തുന്നതിനായി ബാങ്ക് ശാഖയിലേക്ക് മാറ്റും. ബാങ്ക് പ്രതിനിധികൾ പരിശോധിച്ചതിനുശേഷം ക്രെഡിറ്റ് ഗ്യാരണ്ടിയോടു കൂടി സി ജി റ്റി എം എസ് ഇ (Credit Guarantee Fund Trust for Micro and Small Enterprises (*CGTMSE*)) -ൽ രജിസ്റ്റർ ചെയ്ത് ഷെഡ്യൂൾ പ്രകാരം ബാങ്കുകൾ വായ്പകൾ വിതരണം ചെയ്യുന്നതാണ്. ഓരോ ഘട്ടത്തിലും വായ്പ വിവരങ്ങൾ സന്ദേശമായി രജിസ്റ്റർ ചെയ്ത മൊബൈൽ നമ്പരിൽ അപേക്ഷകന് ലഭിക്കുന്നു. കർഷകർ, കർഷക സംഘങ്ങൾ (FPO's, FPO കൂട്ടായ്മകൾ, JLG, SHG, SHG കൂട്ടായ്മകൾ), കാർഷിക സംരംഭങ്ങൾ, മറ്റു സഹകരണ സ്ഥാപനങ്ങൾ (മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, മൾട്ടി പർപ്പസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, നാഷണൽ ഫെഡറേഷൻസ് ഓഫ് കോഓപ്പറേറ്റീവ്സ്, പ്രാഥമിക കാർഷിക സഹകരണ സംഘം), കേന്ദ്ര /സംസ്ഥാന/പ്രാദേശിക ഗവൺമെന്റുകൾ പ്രോത്സാഹിപ്പിക്കുന്ന പിപിപി പദ്ധതികളുടെ ഏജൻസികൾ, കയറ്റുമതി സംഘങ്ങൾ തുടങ്ങിയവർക്ക് ഈ ധനസഹായ പദ്ധതിയിലേക്ക് അപേക്ഷിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **916235277042 (തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം) , 917010994083 (ഇടുക്കി, എറണാകുളം), 918075480273 (തൃശൂർ, പാലക്കാട്, മലപ്പുറം), 918921785327 (വയനാട്, കോഴിക്കോട്), 918547565214 (കണ്ണൂർ, കാസർകോഡ്)** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

2. കൃഷി വകുപ്പിന് കീഴിലുള്ള തിരുവനന്തപുരം ആനയറ വേൾഡ് മാർക്കറ്റിനുള്ളിലെ കൃഷി ബിനിനസ് കേന്ദ്രയിൽ. കുറ്റ്യാടി, മലയൻ ഗ്രീൻ എന്നീ ഇനത്തിൽപ്പെട്ട തെങ്ങിൻ തൈകൾ 100 രൂപ നിരക്കിൽ വിൽപനയ്ക്കായി തയ്യാറായതായി കൃഷി ബിസിനസ് കേന്ദ്ര മാനേജർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് **8281635530** എന്ന നമ്പരിൽ ബന്ധപ്പെടുക.

3. കേരള കാർഷിക സർവ്വകലാശാലയുടെ വെള്ളാനിക്കര പച്ചക്കറി ശാസ്ത്ര വിഭാഗത്തിൽ വെണ്ട, തക്കാളി, വഴുതന, പാവൽ, കറിവേപ്പ്, പുതിന, വള്ളി ചീര, മുരിങ്ങ (അനുപമ) എന്നിവയുടെ തൈകൾ വില്പനയ്ക്കുണ്ട്. വില്പന സമയം 9 മുതൽ 4 വരെ. കൂടുതൽ വിവരങ്ങൾക്ക് **9188248481** എന്ന ഫോൺ നമ്പറിൽ ബന്ധപെടുക.

4. മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കുടപ്പനക്കുന്ന് ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രത്തിലെ കെ. എൽ - 01 എ ജെ 830- ഠഠ നമ്പർ ട്രാക്ടർ, കെ. എൽ -01 എ. എസ് 86 നമ്പർ ട്രില്ലർ എന്നിവ ഈ മാസം 9 ന് (09.06.222) രാവിലെ 11 മണിയ്ക്ക് ഫാം പരിസരത്ത് വച്ച് പരസ്യമായി ലേലം ചെയ്ത് വിൽക്കുന്നതാണ്. ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേല സമയത്തിന് മുൻപായി 1000/- രൂപ നിരതദ്രവ്യമായി ആഫീസിൽ അടച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് പ്രവർത്തി ദിവസം **0471-2732962** എന്ന നമ്പരിൽ ബന്ധപ്പെടുക.

5. ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയിൽ നിന്നും ഒരു ദിവസം പ്രായമായ ഫാൻസി കോഴിക്കുഞ്ഞുങ്ങൾ 85 രൂപ നിരക്കിലും, കടക്നാഥ് 35 രൂപ നിരക്കിലും, തലശ്ശേരി, നേക്കഡ് നെക്ക് എന്നിവ 22 രൂപ നിരക്കിലും വിൽപ്പനയ്ക്ക് ലഭ്യമാണ്. താൽപ്പര്യമുള്ളവർ **0479-2452277** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെട്ട് പേര് മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്.

6. കുടപ്പനക്കുന്ന് പ്രാദേശിക കോഴി വളർത്തൽ കേന്ദ്രത്തിൽ നിന്നും ഒരു ദിവസം പ്രായമുള്ള ഗ്രാമശ്രീ പൂവൻ കോഴിക്കുഞ്ഞുങ്ങൾ ഒരെണ്ണത്തിന് 10 രൂപ നിരക്കിൽ വിൽപ്പനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് **0471-2730804** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

## പരിശീലന പരിപാടികൾ

7. പട്ടാമ്പിയിൽ പ്രവർത്തിക്കുന്ന പാലക്കാട് കൃഷി വിജ്ഞാന കേന്ദ്രം ഈ മാസം 7 ന് (07.06.22) ബോൺസായി, ടെറേറിയം എന്നിവയുടെ നിർമ്മാണത്തെക്കുറിച്ച് ഒരു പരിശീലനം സംഘടിപ്പിക്കുന്നു. പരിശീൽനത്തിൽ പങ്കെടുക്കുവാൻ താൽപരയമുള്ളവർ **6282937809, 04662912008, 04662212279** എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

8. കോട്ടയം ജില്ലയിലെ തലയോലപ്പറമ്പ് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ ഈ മാസം **7 ന് മുയൽ വളർത്തൽ, 10 ന് പന്നി വളർത്തൽ, 15,16 തീയതികളിൽ ഇറച്ചിക്കോഴിവളർത്തൽ, 22 ന് കാട വളർത്തൽ** എന്നീ വിഷയങ്ങളിൽ സൗജന്യ പരിശീലനം നടത്തപ്പെടുന്നു. താൽപര്യമുള്ളവർ നേരിട്ടോ ഓഫീസ് സമയങ്ങളിൽ **04829-234323** എന്ന ഫോൺ നമ്പരിൽ വിളിച്ചോ **9188522706** എന്ന വാട്സ്ആപ്പ് നമ്പറിൽ സന്ദേശം അയച്ചോ മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്.

9. റബ്ബറുത്പാദനം സുസ്ഥിരമാക്കുന്നതിന് സഹായകമായ നൂതന കൃഷിരീതികളിൽ റബ്ബർബോർഡിന്റെ പരിശീലനവിഭാഗമായ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) ഓൺലൈൻ പരിശീലനം നൽകുന്നു. ജൂൺ 06 -ന് രാവിലെ 10.30 മുതൽ ഉച്ചയ്ക്ക് 12.30 വരെയാണ് പരിശീലനം. കൂടുതൽ വിവരങ്ങൾക്ക് **04812353127** എന്ന ഫോൺ നമ്പരിലോ **04812351313** എന്ന വാട്സ്ആപ്പ് നമ്പറിലോ ബന്ധപ്പെടവുന്നതാണ്.

10. ഓച്ചിറ ക്ഷീരോത്പന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രത്തിൽ വച്ച് ഇന്നും നാളെയും (ജൂൺ **3, 4** തീയതികളിൽ) **തീറ്റപ്പുൽക്കൃഷി**യിൽ പരിശീലനം നടത്തുന്നു. ആദ്യം രജിസ്റ്റർ ചെയ്യുന്ന 25 പേർക്കായിരിക്കും പരിശീലനത്തിൽ പങ്കെടുക്കാൻ പറ്റുക. പരിശീലനത്തിൽ പങ്കെടുക്കുന്നവർ രണ്ട് ഡോസ് കോവിഡ് വാക്സിൻ സ്വീകരിച്ചവരും ആയതിന്റെ സർട്ടിഫിക്കറ്റ് ഉള്ളവരും ആയിരിക്കണം. രജിസ്ട്രേഷൻ ഫീസ് 20 രൂപയാണ്. താത്പര്യമുള്ളവർ ഇന്ന് (ജൂൺ 2) വൈകുന്നേരം 5 മണിക്ക് മുമ്പായി **8075028868, 9847437232, 0476-2698550** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. പങ്കെടുക്കുന്നവർ ആധാർ കാർഡ്, ബാങ്ക് പാസ്ബുക്കിന്റെ പകർപ്പ്, രണ്ട് ഡോസ് കോവിഡ് വാക്സിനേഷൻ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കേണ്ടതാണ്.

11. വയനാട് ജില്ലയിലെ ആദിവാസി മേഖലകളിൽ വിവിധ മൃഗസംരക്ഷണ സംരംഭങ്ങൾ വികസി പ്പിക്കുന്നതിലൂടെ സുസ്ഥിര ഉപജീവന മാർഗ്ഗങ്ങൾ ലഭ്യമാക്കുന്നതിനായി വെറ്ററിനറി സർവ്വകലാശാല

''ഒപ്പം'' പദ്ധതി നടപ്പിലാക്കുന്നു. ലക്കിടി പ്രിയദർശിനി ഗ്രാമത്തിൽ 12-ഓളം കുടുംബങ്ങൾക്ക് 2 മാസം പ്രായമായ മുട്ടക്കോഴികളും അവക്ക് ആവശ്യമായ കോഴിത്തീറ്റയും സൗജന്യമായി നൽകികൊണ്ടാണ് രണ്ടാം ഘട്ടം ആരംഭിച്ചത്. കോഴികളെ പരിപാലിക്കേണ്ട രീതികളെ കുറിച്ചും വിപണന സാധ്യതകളെ കുറിച്ചും സർവ്വകലാശാല വിദഗ്ധരുടെ ക്ലാസ്സുകളും സംഘടിപ്പിക്കുകയുണ്ടായി. ഒരു വർഷം നീണ്ടു നിൽക്കുന്ന ഈ പദ്ധതിയുടെ വിവിധ ഇടവേളകളിൽ സർവ്വകലാശാല വിദഗ്ധർ വീടുകളിലെത്തി പദ്ധതി യുടെ പുരോഗതി വിലയിരുത്തുകയും കർഷകർക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നതാണ്. 2022 മെയ് 31 ഉച്ചക്ക് രണ്ട് മണിക്ക് പ്രിയദർശിനി കോളനി പരിസരത്ത് വച്ച് നടത്തിയ സൗജന്യ മുട്ടക്കോഴി വിതരണത്തിന്റെ ഔപചാരിക ഉത്ഘാടനം ബഹുമാനപ്പെട്ട സർവ്വകലാശാല വൈസ് ചാൻസ്‌ലർ ഡോ.(പ്രൊ.)ശശീന്ദ്രനാഥ് നിർവഹിച്ചു. വൈത്തിരി ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. എം. വി. വിജേഷ് അദ്ധ്യക്ഷസ്ഥാനം വഹിച്ചു. ചടങ്ങിൽ വൈസ് പ്രസിഡണ്ട് ശ്രീമതി. ഉഷ ജ്യോതിദാസ്, വാർഡ് മെമ്പർ ശ്രീ.ജ്യോതിഷ് കുമാർ എൻ.കെ. എന്നിവർ ആശംസകൾ അർപ്പിച്ചു. സർവ്വകലാശാല പൗൾട്രി വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ഡോ. അബ്ദുൾ മുനീർ പരിശീലന ക്ലാസ്സ് നയിച്ചു. ഡയറക്ടർ ഓഫ് എന്റർപ്രണർഷിപ്പ് ഡോ.ടി.എസ്. രാജീവ് സ്വാഗതവും, ഡാറ്റ കളക്ഷൻ അസിസ്റ്റന്റ് ശ്രീമതി.ജമുന.ഇ. സി.നന്ദിയും റിസർച്ച് അസിസ്റ്റന്റ് ശ്രീമതി. ജിപ്സ ജഗദീഷ് പദ്ധതി വിശദീകരണവും നടത്തി.

**കാർഷിക നിർദ്ദേശങ്ങൾ**

12. വെള്ളരിവർഗ്ഗ പച്ചക്കറികളിലെ മൃദുരോമ പൂപ്പ് രോഗത്തെ നിയന്ത്രിക്കാൻ 2.5 ഗ്രാം മാങ്കോസെബ് അല്ലെങ്കിൽ 20 ഗ്രാം ട്രൈക്കോഡെർമ്മ അല്ലെങ്കിൽ 5 മില്ലി ട്രൈക്കോഡെർമ്മ ഒരു ലിറ്റർ വെള്ളത്തിലെന്ന തോതിൽ കലക്കി ഇലകളുടെ അടിയിൽ പതിയത്തക്കവണ്ണം തളിക്കുക. കൂടാതെ മണ്ണിൽ ഒഴിച്ചുകൊടുക്കുകയും ചെയ്യുക.